ഉത്തരം

(എ & ബി) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷന്റെ കേരള ഇലക്ട്രിസിറ്റി സപ്ലൈകോഡ് 2014-ലെ 91 (5), 91(6), 91(7) എന്നീ വകുപ്പുകൾ അനുസരിച്ച് കണക്ഷനുള്ള ഉടമസ്ഥാവകാശം മാറ്റുന്നതിന് അപേക്ഷകൻ വൈദ്യുതി കുടിശ്ശിക മുഴുവൻ അടച്ചുതീർത്തതിനുശേഷം 10 രൂപ അപേക്ഷാഫീസും 100 രൂപ പ്രോസസ്സിംഗ് ഫീസും അടച്ച് അനന്തരാവകാശം സ്ഥാപിക്കുന്നതിനുള്ള രേഖ കൂടുതൽ അനന്തരാവകാശികളുണ്ടെങ്കിൽ മറ്റ് അനന്തരാവകാശികളുടെ സമ്മതപത്രം എന്നിവ സഹിതം ബന്ധപ്പെട്ട ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസിൽ അപേക്ഷ നൽകേണ്ടതാണ്. കൂടാതെ ഉടമസ്ഥന്റെ പേരിൽ സർവ്വീസ് കണക്ഷൻ എഗ്രിമെന്റ് വയ്ക്കേണ്ടതും കണക്ഡ് ലോഡിന് മാറ്റംവരുന്ന പക്ഷം പുതിയ കംപ്ലീഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതുമാണ്. സപ്ലൈ കോഡ് അനുശാസിക്കുന്ന നിയമങ്ങളനുസരിച്ചു മാത്രമേ ബോർഡിന് ഉടമസ്ഥാവകാശം മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ നിർവ്വാഹമുള്ളൂ.

സ്വകാര്യ വൈദ്യുതി ഉല്പാദന സ്ഥാപനങ്ങൾ

41 (4623) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സ്വകാര്യ വൈദ്യുതി ഉല്പാദന സ്ഥാപനങ്ങൾ ഏതെല്ലാമാണ് ; ഓരോ സ്ഥാപനവും എത്ര മെഗാവാട്ട് വൈദ്യുതിയാണ് ഉല്പാദിപ്പിക്കുന്നത് ;

(ബി) ഓരോ സ്ഥാപനത്തിൽ നിന്നും കെ.എസ്.ഇ.ബി.-ക്ക് ലഭിക്കുന്ന വൈദ്യുതിയും ആയതിന് ഒരു യൂണിറ്റിന് ഈടാക്കുന്ന വിലയും വ്യക്തമാക്കുമോ ;

(സി) സ്വകാര്യ സ്ഥാപനങ്ങളുമായി കെ.എസ്.ഇ.ബി. ഉണ്ടാക്കിയിട്ടുള്ള കരാർപ്രകാരം കെ. എസ്. ഇ. ബി. പ്രതിമാസം എത്ര രൂപയാണ് ഓരോ സ്ഥാപനത്തിനും ഫിക്സഡ് കോസ്റ്റായി നൽകേണ്ടതെന്ന് വ്യക്തമാക്കുമോ ;

(ഡി) സംസ്ഥാനത്ത് കെ.എസ്.ഇ.ബി. ഒഴികെ വൈദ്യുതി ഉല്പാദിപ്പിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ ഏതെല്ലാമാണ് ; ഓരോ സ്ഥാപനവും എത്ര മെഗാവാട്ട് വൈദ്യുതി വീതമാണ് ഉല്പാദിപ്പിക്കുന്നത് ;

(ഇ) ഈ സ്ഥാപനങ്ങളിൽ നിന്നും കെ.എസ്.ഇ.ബി.-ക്ക് ലഭിക്കുന്ന വൈദ്യുതിയും ആയതിന് ഈടാക്കുന്ന വിലയും വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-സി) സംസ്ഥാനത്ത് സഹകാര്യ മേഖലയിൽ 2 താപവൈദ്യുത നിലയങ്ങളും 5 ജലവൈദ്യുതി നിലയങ്ങളും 50 കാറ്റാടി യന്ത്രങ്ങളുമാണ് നിലവിലുള്ളത്. ഇവയുടെ സ്ഥാപിതശേഷി, ഇവയിൽ നിന്നും 2014-15 കാലയളവിൽ ലഭിച്ച വൈദ്യുതിയുടെ അളവ്, യൂണിറ്റ് ഒന്നിന് ഉള്ള വില (variable charge), കരാർ പ്രകാരമുള്ള ഏകദേശ പ്രതിമാസ ഫിക്സഡ് കോസ്റ്റ് എന്നിവ അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.*

(ഡി & ഇ) സംസ്ഥാനത്ത് കെ.എസ്.ഇ.ബി.-ക്ക് പുറമെ പൊതുമേഖലയിൽ വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നത് എൻ.റ്റി.പി.സി. യുടെ ഉടമസ്ഥതയിൽ കായംകുളത്ത് സ്ഥാപിച്ചിട്ടുള്ള Rajeev Gandhi Combined Cycle Power Project (RGCCPP) താപവൈദ്യുത നിലയവും കൂടാതെ Palakkad small hydro Company Ltd, Mankulam Mini Hydro Electric Project, Kallar Micro Hydro Electric Project എന്നീ ജലവൈദ്യുത നിലയങ്ങളുമാണ്. ഇവിടത്തെ സ്ഥാപിത ശേഷി, ഇവിടെ നിന്നും 2014-15 കാലയളവിൽ ലഭിച്ച വൈദ്യുതിയുടെ അളവ്, യൂണിറ്റ് ഒന്നിനുള്ള വില (Variable charge), കരാർ പ്രകാരമുള്ള ഏകദേശം പ്രതിമാസ fixed cost എന്നിവ അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.*

വൈദ്യുതി ബോർഡിലെ ജീവനക്കാർ, ശമ്പളം, അപകടങ്ങൾ,സഹായം

42 (4624) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വൈദ്യുതി ബോർഡിൻ കീഴിൽ എത്ര സ്ഥിരം, താൽക്കാലിക, കരാർ, മറ്റുവിഭാഗം ജീവനക്കാരുണ്ടെന്നും ഇവരിൽ ഓരോ വിഭാഗത്തിനുമായി ശമ്പളമുൾപ്പെടെ വിവിധയിനങ്ങളിൽ ഓരോ മാസവും 2015 ജനുവരി മുതൽ ജൂൺ വരെ ചെലവായ തുക എത്രയെന്നും, കോൺട്രാക്ട് വർക്കുകൾക്കായി നിയോഗിക്കപ്പെട്ട തൊഴിലാളികൾ എത്രയെന്നും ഇവർക്ക് പ്രസ്തുതതൊഴിൽ ചെയ്യുന്നതിനായി എന്തെങ്കിലും ഐഡന്റിറ്റി സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ ;

(ബി) ഇവരിൽ 2011 മുതൽ 2015 വരെയുള്ള കാലയളവിൽ കൃത്യനിർവ്വഹണത്തിനിടെ അപകടമരണം, മറ്റ് ശാരീരിക അസ്വസ്ഥതയുണ്ടായവർ എത്രയെന്ന് വർഷം തിരിച്ചും അവരിൽ മുതിർന്നവരായി സർക്കാർ സഹായമഭ്യർത്ഥിച്ച് ജീവിക്കുന്നവർ എത്ര എന്ന് ഇനം തിരിച്ചും വിശദാംശം ലഭ്യമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly